ഉത്തരം

(എ) താനൂർ റസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണത്തിലെ പെയിന്റിംഗ് പണികൾ ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 46,38,435 രൂപയുടെ പാർട്ട് ബിൽ ലെറ്റർ ഓഫ് ക്രെഡിറ്റിനായി 2014 ഒക്ടോബർ മാസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികൾ തീരുന്ന മുറയ്ക്ക് കെട്ടിടം ഇറന്നുകൊടുക്കാനാകും.

(സി) നിലവിൽ പരിഗണനയിലില്ല.

ലൈറ്റ് മെട്രോ പദ്ധതി

279 (1323) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) DMRC തയ്യാറാക്കിയ വിശദമായ രൂപരേഖ പ്ലാനിംഗ് ബോർഡ് പരിശോധിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മോണോറെയിൽ പദ്ധതി നിർവ്വഹണത്തിനായി രൂപീകരിച്ച SPV പുനർനാമകരണം ചെയ്ത് കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ എന്ന പേരിൽ പദ്ധതി നിർവ്വഹണത്തിനായി മുമ്പോട്ടുപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണാനുമതി ലഭ്യമാക്കിയശേഷം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കുന്നതാണ്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരുന്ന മോണോറെയിൽ പദ്ധതി, ലൈറ്റ് മെട്രോ പദ്ധതിയായി നടപ്പിലാക്കാൻ കൺസൾട്ടന്റായ DMRC, സർക്കാരിന് ശിപാർശ നൽകി. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് നീങ്ങുകയാണ്.

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

280 (1324) ഡോ. എൻ. ജയരാജ്:
ശ്രീ. പി. സി. ജോർജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കിയ പ്രവർത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; പ്രസ്തുത കമ്പനിയുടെ ഘടന വ്യക്തമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷം വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടോയ്ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്തുവകുപ്പിന് കീഴിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത്. പദ്ധതികൾ തയ്യാറായി വരുന്നതേയുള്ളൂ. നിലവിൽ കമ്പിനിയിൽ മാനേജിംഗ് ഡയറക്ടറെ മാത്രമേ നിയമിച്ചിട്ടുള്ളൂ.

(ബി) 2015-16 സാമ്പത്തിക വർഷം ആറന്മുള കുളനട, ചെങ്ങന്നൂർ, കാലടി, ചമ്രവട്ടം തുടങ്ങി വിവിധ സ്ഥലങ്ങളിൽ പദ്ധതി ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly